**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2274** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഇന്റഗ്രേഷൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിൽ ഇന്റഗ്രേഷൻ നടപടി പൂർത്തിയായാൽ പൊതുജനങ്ങൾക്ക് ഉണ്ടാവുന്ന നേട്ടങ്ങൾ വിശദമാക്കാമോ; | (എ) | സംയോജനത്തിനു മുൻപ് വിവിധ വിഭാഗങ്ങളിൽ നിലവിലുണ്ടായിരുന്ന എല്ലാ സേവനങ്ങളും സംയോജിത വകുപ്പിലും തുടരുന്നതാണ്. ഇലക്ട്രോണിക് വിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനും അതിനുള്ള നേതൃത്വം നൽകുന്നതിനും പുതിയ സംവിധാനം ലക്ഷ്യമിടുന്നു. വിവര സാങ്കേതിക വിദ്യയുടേയും ഇ-ഗവേണൻസിന്റെയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനം ഒരുക്കുന്നതിനും അതിവേഗ ഫയൽ സഞ്ചാരം ഉറപ്പുവരുത്തി പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് ദ്രുതഗതിയിൽ പരിഹാരം ഉണ്ടാക്കുന്നതിനുമാണ് ഏകീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. അതുപോലെ ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തിൽ ഓൺലൈൻ സേവനങ്ങൾ ഉപയോഗപ്പെടുത്തി സമയലാഭത്തെക്കുറിച്ചുള്ള അറിവ് ജനങ്ങളിൽ എത്തിക്കുന്നത് വഴി ഓഫീസുകളിലെ തിരക്ക് കുറയ്ക്കുവാനും സേവനങ്ങൾ അതിവേഗം പ്രദാനം ചെയ്യുന്നതിനും കഴിയുന്ന രീതിയിൽ ഓഫീസുകളെ മാറ്റുന്നതിനും സാധിക്കും. ഓഫീസുകളിലെ ഫയൽ സഞ്ചാരത്തിൽ തട്ടുകളുടെ എണ്ണം സാധാരണ നിലയിൽ മൂന്ന് ആയും കൂടുതൽ പരിശോധന ആവശ്യമുള്ള വിഷയങ്ങളിൽ മാത്രം നാല് തട്ടായും നിജപ്പെടുത്തുക വഴി ഫയലുകളിൽ വേഗത്തിൽ തീരുമാനം ഉണ്ടാകുന്നതിനും സേവന പ്രദാനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. ഓഫീസുകളിൽ നിന്നും വിശിഷ്യാ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സേവനങ്ങൾ ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന പരാതിക്ക് പരിഹാരം കാണുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണം വഴി സാധ്യമാകും. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാവുന്ന സേവനങ്ങൾക്കും സാക്ഷ്യപത്രങ്ങൾക്കും ഒരേ രീതിയിലുള്ള ഫോമുകളും രേഖകളും മാത്രം ഉപയോഗിക്കുന്ന രീതി അവലംബിക്കാനും അതുവഴി ഫയൽ നീക്കം വേഗത്തിലാക്കാനും സാധിക്കുന്നതാണ്. കാര്യക്ഷമമായ ഭരണനിർവ്വഹണത്തിന് ആവശ്യമായ ഉദ്യോഗസ്ഥ ക്രമീകരണം ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഇന്റഗ്രേഷൻ ഓഫീസ് സംവിധാനം കൂടുതൽ മെച്ചപ്പെട്ടുമോ; വിശദമാക്കാമോ; | (ബി) | സംയോജനത്തിനു മുൻപ് വിവിധ വിഭാഗങ്ങളിൽ നിലവിലുണ്ടായിരുന്ന എല്ലാ സേവനങ്ങളും സംയോജിത വകുപ്പിലും തുടരുന്നതാണ്. ഇലക്ട്രോണിക് വിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനും അതിനുള്ള നേതൃത്വം നൽകുന്നതിനും പുതിയ സംവിധാനം ലക്ഷ്യമിടുന്നു. വിവര സാങ്കേതിക വിദ്യയുടേയും ഇ-ഗവേണൻസിന്റെയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനം ഒരുക്കുന്നതിനും അതിവേഗ ഫയൽ സഞ്ചാരം ഉറപ്പുവരുത്തി പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് ദ്രുതഗതിയിൽ പരിഹാരം ഉണ്ടാക്കുന്നതിനുമാണ് ഏകീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. അതുപോലെ ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തിൽ ഓൺലൈൻ സേവനങ്ങൾ ഉപയോഗപ്പെടുത്തി സമയലാഭത്തെക്കുറിച്ചുള്ള അറിവ് ജനങ്ങളിൽ എത്തിക്കുന്നത് വഴി ഓഫീസുകളിലെ തിരക്ക് കുറയ്ക്കുവാനും സേവനങ്ങൾ അതിവേഗം പ്രദാനം ചെയ്യുന്നതിനും കഴിയുന്ന രീതിയിൽ ഓഫീസുകളെ മാറ്റുന്നതിനും സാധിക്കും. ഓഫീസുകളിലെ ഫയൽ സഞ്ചാരത്തിൽ തട്ടുകളുടെ എണ്ണം സാധാരണ നിലയിൽ മൂന്ന് ആയും കൂടുതൽ പരിശോധന ആവശ്യമുള്ള വിഷയങ്ങളിൽ മാത്രം നാല് തട്ടായും നിജപ്പെടുത്തുക വഴി ഫയലുകളിൽ വേഗത്തിൽ തീരുമാനം ഉണ്ടാകുന്നതിനും സേവന പ്രദാനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. ഓഫീസുകളിൽ നിന്നും വിശിഷ്യാ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സേവനങ്ങൾ ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന പരാതിക്ക് പരിഹാരം കാണുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണം വഴി സാധ്യമാകും. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാവുന്ന സേവനങ്ങൾക്കും സാക്ഷ്യപത്രങ്ങൾക്കും ഒരേ രീതിയിലുള്ള ഫോമുകളും |

| | | | |
|---|---|---|---|
| | | | രേഖകളും മാത്രം ഉപയോഗിക്കുന്ന രീതി അവലംബിക്കാനും അതുവഴി ഫയൽ നീക്കം വേഗത്തിലാക്കാനും സാധിക്കുന്നതാണ്. കാര്യക്ഷമമായ ഭരണനിർവ്വഹണത്തിന് ആവശ്യമായ ഉദ്യോഗസ്ഥ ക്രമീകരണം ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | വകുപ്പ് ഏകീകരിക്കുമ്പോൾ ജീവനക്കാർക്ക് ട്രാൻസ്ഫർ സംവിധാനം ഉപയോഗപ്രദമാകുമോ; അറിയിക്കാമോ? | (സി) | വകുപ്പ് ഏകീകരണത്തിന്റെ ഭാഗമായി വിവിധ വിഭാഗം ജീവനക്കാർക്ക് മുൻപുണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി ഗ്രാമ – നഗര വ്യത്യാസമില്ലാതെ വിവിധ തലങ്ങളിൽ സ്ഥലംമാറ്റം അനുവദിക്കാൻ സാധിക്കുന്നതാണ്. ഇത്തരം സാഹചര്യം കൂടുതൽ ക്രിയാത്മകമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നതിന് ജീവനക്കാർക്ക് സഹായകമായ സാഹചര്യമാണ് സൃഷ്ടിക്കുന്നത്. ഇപ്രകാരം വിവിധ വിഭാഗങ്ങളിലുള്ള ഉദ്യോഗസ്ഥരെ പരസ്പരം മാറ്റി നിയമിക്കുന്നതിനായി പ്രത്യേകം സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ തയ്യാറാക്കുന്ന നടപടി ഐ. കെ. എം. -ൽ പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ